MONDAY 27-06-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : Sunilkumar R    Editor : Dr Asha T T

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-27/06/2022.

1. ജൂൺ 27 മുതൽ 30 വരെ തിരുവനന്തപുരം പൂജപ്പുര മണ്ഡലത്തിലും സമീപത്തുമായി ഞാറ്റുവേല ചന്തയും സെമിനാറുകളും കർഷകരുടെ അനുഭവം പങ്കുവയ്ക്കലും വിവിധ കലാ പരിപാടികളും നടത്തപ്പെടുന്നു. ഇതിനോടനുബന്ധിച്ച് ജില്ലാതല കർഷക അവാർഡ് വിതരണം സംഘടിപ്പിക്കുന്നു. പൂജപ്പുര മണ്ഡപത്തിൽ ജൂൺ 27-ന് വൈകുന്നേരമാണ് ഉദ്ഘാടനം. സ്പീക്കർ, കൃഷി വകുപ്പ് മന്ത്രി, വിദ്യാഭ്യാസ മന്ത്രി, ഗതാഗത മന്ത്രി എന്നിവർ പങ്കെടുത്തു, കർഷകരുടെ വർണശബളമായ ഘോഷയാത്രയും നടത്തപ്പെടും. മേളയിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വിവിധ ഫാമുകൾ, കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം, വി എഫ് പി സി കെ, കയർഫെഡ്, ബയോ ടെക്നോളജി ആൻഡ് ഫ്ളോറികൾച്ചർ സെന്റർ, സംരംഭകർ തുടങ്ങി വിവിധ സർക്കാർ അർദ്ധ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തമുണ്ടാകും. ഞാറ്റുവേല ചന്തയിൽ വിഷരഹിത നാടൻ പഴങ്ങൾ, പച്ചക്കറികൾ, അലങ്കാരച്ചെടികൾ, ഫലവൃക്ഷതൈകൾ, കിഴങ്ങുവർഗങ്ങൾ, ഇലക്കറികൾ, കയർ ഉത്പന്നങ്ങൾ, കാർഷിക യന്ത്രങ്ങൾ, മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും ഉണ്ടാകും. ഞാറ്റുവേലകളുടെ കൈമാറ്റവും, തലമുറകളുടെ സംവാദവും, കാർഷിക ലഘുരേഖകളുടെ വിതരണവും ഞാറ്റുവേല ചന്തയുടെ ഭാഗമായുണ്ടാകും. കാർഷിക സേവന ദാതാക്കളായ കാർഷിക കർമസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയുടെ സേവനം തിരുവനന്തപുരം നഗരത്തിന് ലഭ്യമാക്കാൻ പ്രത്യേക കൗണ്ടറുകളും സജ്ജീകരിക്കുന്നുണ്ടെന്ന് തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു

2. പ്രധാനമന്ത്രി വിള ഇൻഷ്വറൻസ് പദ്ധതിയുടെയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെയും ഖാരിഫ് 2022 സീസണിലേക്കുള്ള വിജ്ഞാപനമായി. പ്രധാനമന്ത്രി വിള ഇൻഷ്വറൻസ് പദ്ധതിയിൽ വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കരിമ്പ്, ഏലം, കുരുമുളക്, ജാതി, കൊക്കോ, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക, പച്ചക്കറികൾ എന്നീ വിളകളാണ് ഇടുക്കി ജില്ലയിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്.

പദ്ധതിയിൽ ചേരേണ്ട അവസാന തീയതി ജൂലൈ 11 ആണ്. കർഷകർക്ക് www.pmfy.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായും, ഡിജിറ്റൽ സേവാകേന്ദ്രങ്ങൾ വഴിയും ഇൻഷ്വറൻസ് ബ്രോക്കർ പ്രതിനിധികൾ, മൈക്രോ ഇൻഷ്വറൻസ് പ്രതിനിധികൾ വഴിയും പദ്ധതിയിൽ ചേരാം. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ പദ്ധതിയിൽ ചേർക്കണം. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആധാറിന്റെ കോപ്പി, നികുതി രസീതിന്റെ കോപ്പി, ബാങ്ക് പാസ്ബുക്ക് കോപ്പി, പാട്ടത്തിൽ കൃഷി ചെയ്യുന്ന കർഷകരാണെങ്കിൽ പാട്ടക്കരാർ കോപ്പി എന്നിവ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായോ, അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് ഓഫീസുമായോ, **0471–2334493** എന്ന ഫോൺ നമ്പരിലോ, **1800–425–7064** എന്ന ടോൾഫ്രീ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

3. ആലപ്പുഴ ജില്ലയിലെ മുല്ലയ്ക്കൽ വില്ലേജിൽ ബോട്ട്-ഇൻ ലാൻഡായി സർക്കാരിന്റെ അധീനതയിലുള്ള 2.16.51 ഹെക്ടർ (5.35 ഏക്കർ) നിലത്ത് 2022-23 വർഷത്തിൽ നെൽകൃഷി ചെയ്ത് വിളവെടുക്കുന്നതിനുമുള്ള അവകാശം ജൂലൈ ആറിന് രാവിലെ 11-ന് വില്ലേജ് ഓഫീസിൽ വെച്ച് ലേലം ചെയ്യും . കൂടുതൽ വിവരങ്ങൾക്ക് **0477–2253771** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ആലപ്പുഴ ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ അത്യുൽപ്പാദന ശേഷിയുള്ള ഇനത്തിൽപ്പെട്ട രണ്ടു മാസം പ്രായമുള്ള മുട്ടക്കോഴി കുഞ്ഞുങ്ങളെ 120 രൂപ നിരക്കിൽ ജൂൺ 27-ന് രാവിലെ 9.30 മുതൽ 12 വരെ വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് **9961329641** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ കേരള ചിക്കൻ) ഉത്പാദിപ്പിക്കുന്ന ചിക്കനും അനുബന്ധ ഉത്പന്നങ്ങളും വിൽപ്പന നടത്തുന്നതിന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലയിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ കെപ്കോ കേരള ചിക്കൻ ഔട്ട്ലെറ്റുകൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ജൂലായ് 8-ന് മുമ്പ് **മാനേജിംഗ് ഡയറക്ടർ, സംസ്ഥാന ജൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000918,**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**9495000921** എന്നീ ഫോൺ നമ്പരുകളിലോ, kspdc@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

6.

**പരിശീലന പരിപാടികൾ**

7. ഹൈടെക്ക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ് ഹാൾ, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വച്ച് ഈ മാസം 28 മുതൽ 30 വരെ (ജൂൺ 28 മുതൽ 30) രാവിലെ 10 മണി മുതൽ മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ **ഹൈഡ്രോപോണിക്സ്** വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന തീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നിവയെക്കുറിച്ച് ക്ലാസുകൾ ഉണ്ടായിരിക്കും. താൽപര്യമുള്ളവർ **0487-2960079, 9037033547, 9961533547** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി **'പഴം - പച്ചക്കറി സംസ്കരണം'** എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി ഈ മാസം 29-ന് (**29.6.2022**) തിരുവനന്തപുരം വെള്ളായണി , കാർഷിക കോളജിലെ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് നടത്തുന്നു. 500/- രൂപയാണ് ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരമാവധി 30 പേർക്കാണ് പ്രവേശനം നൽകുന്നത്. താല്പര്യമുള്ളവർ **9447281300** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 30-ന് (30.06.2022) രാവിലെ 10 മണി മുതൽ 4 മണി വരെ **പോത്ത് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ **0491- 2815454** വിളിച്ചോ **9188522713** എന്ന വാട്ട്സാപ്പ് നമ്പറിലേക്ക് വാട്സാപ്പ് മെസ്സേജ് അയച്ചോ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനത്തിന് പങ്കെടുക്കുന്നവർ ആധാർ കാർഡ് കരുതേണ്ടതാണ് എന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

**കേരള കാർഷിക സർവകലാശാല നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

10. തുടർച്ചയായ മഴയും വെള്ളക്കെട്ടും മൂലം പയറിൽ ഫ്യൂസേരിയം മൂലമുള്ള വാട്ടരോഗം കാണാൻ ഇടയുണ്ട്. ഇതിനെ നിയന്ത്രിക്കുന്നതിനായി 2 ഗ്രാം ബാവിസ്റ്റിൻ അല്ലെങ്കിൽ രണ്ട് മി.ലി കോൺട്ടാഫ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണു കുതിരത്തക്കവിധം 15 ദിവസം ഇടവിട്ട് മാറി മാറി ഒഴിച്ചു കൊടുക്കാവുന്നതാണ്. മഴക്കാലത്ത് പയർ, മുളക് എന്നിവയിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക.

11. നീർവാർച്ച കുറഞ്ഞ സ്ഥലങ്ങളിൽ പൈനാപ്പിളിന് കുമിൾ ബാധ മൂലം വേരു ചീയലും തണ്ടു ചീയലും കണ്ടുവരുന്നു. രോഗം ബാധിച്ച ചെടിയുടെ മധ്യഭാഗത്തുള്ള ഇലകൾ എളുപ്പത്തിൽ ഊരിപ്പോരുന്നതും അവയുടെ കടഭാഗം അഴുകി ദുർഗന്ധം വമിക്കുന്നതുമാണ് പ്രധാന ലക്ഷണങ്ങൾ. സ്യൂഡോമോണാസ് എന്ന ബാക്ടീരയപ്പൊടി 20 ഗ്രാം / ഒരു ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ കലർത്തി മണ്ണ് കുതിർക്കുന്നവിധം ഒഴിച്ചുകൊടുക്കുന്നത് വഴി രോഗം വരുന്നത് തടയാം. ഇതോടൊപ്പം വേരിൽ മീലിമുട്ടകളും കാണുന്നുണ്ട്. വെർട്ടിസീലിയം എന്ന ജീവാണു 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ വേരുഭാഗത്ത് ഒഴിച്ചു കൊടുത്ത് ഇവയെ നിയന്ത്രിക്കാം.